**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 925** **30-06-2022 - ൽ മറുപടിയ്ക്ക്**

**വനംവകുപ്പിലെ ജണ്ട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ പ്രധാന പദ്ധതിയിൽ ഉൾപ്പെട്ട വനാതിർത്തി നിർണയവുമായി ബന്ധപ്പെട്ട് 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിൽ വനമേഖലയിൽ നിർമ്മിച്ച ജണ്ടകളുടെ എണ്ണവും ചെലവഴിച്ച തുകയും വന ഡിവിഷൻ തിരിച്ച് വ്യക്തമാക്കുമോ; | (എ) | **വിശദശാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട് .** |
| (ബി) | 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിൽ തിരുവനന്തപുരം ഡിവിഷന്റെ പരിധിയിൽ ജണ്ട നിർമ്മിച്ചതിൽ വൻ ക്രമക്കേടും അഴിമതിയും നടന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയുടെ നഷ്ടം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്; ഇല്ലെങ്കിൽ നാളിതുവരെയുള്ള അന്വേഷണ പുരോഗതി വിശദീകരിക്കാമോ; | (ബി) | തിരുവനന്തപുരം വനം ഡിവഷന്റെ പരിധിയിൽ ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട് ഉണ്ടായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ഫോറസ്റ്റ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തി വരുന്നു. ആയത് അന്തിമ ഘട്ടത്തിലാണ്. എത്ര രൂപയുടെ നഷ്ടം സംഭവിച്ചു എന്നത് അന്വേഷണം പൂർത്തീകരിച്ചശേഷം മാത്രമെ കണക്കാക്കാനാകൂ. |
| (സി) | ക്രമക്കേട് മുഖാന്തിരവും അഴിമതിയിലൂടെയും ഉണ്ടാകുന്ന നഷ്ടത്തിന് നിലവിലെ നിയമപ്രകാരം പ്രവൃത്തിക്ക് മേൽനോട്ടം വഹിച്ചതും അളവ് രേഖപ്പെടുത്തിയതും പരിശോധിച്ച് ബില്ല് പാസാക്കി തുക നൽകിയതുമായ ഉദ്യോഗസ്ഥർ എല്ലാം ഉത്തരവാദികൾ അല്ലേ എന്ന് വ്യക്തമാക്കാമോ; | (സി) | ടി പ്രവർത്തികൾക്ക് മേൽനോട്ടം വഹിച്ച ഉദ്യോഗസ്ഥരും അളവ് രേഖപ്പെടുത്തിയവരും പരിശോധിച്ച് ബില്ല് പാസ്സാക്കി തുക നൽകിയ ഉദ്യോഗസ്ഥർ എല്ലാവരും തങ്ങളുടെ നിയമപ്രകാരമുള്ള ഉത്തരവാദിത്വങ്ങൾക്ക് അനുസൃതമായി ടി വീഴ്ചകൾക്ക് ഉത്തരവാദികൾ ആണ്. |
| (ഡി) | കോടിക്കണക്കിന് രൂപയുടെ ജണ്ട നിർമ്മാണ അഴിമതി വനസംരക്ഷണ വിഭാഗം ജീവനക്കാരുടെ തലയിൽ ചാരി മറ്റ് ചില ഉദ്യോഗസ്ഥർ രക്ഷപ്പെടാൻ ശ്രമിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർക്കാർ നഷ്ടത്തിന് ഉത്തരവാദികളായ എല്ലാ ജീവനക്കാരെയും പദവി നോക്കാതെ നിയമത്തിന് മുന്നിൽ എത്തിക്കാൻ തയ്യാറാകുമോ; ആയതിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജണ്ട നിർമ്മാണം സംബന്ധിച്ച ക്രമക്കേടുകൾ സംബന്ധിച്ചുള്ള അന്വേഷണം അന്തിമ ഘട്ടത്തിലാണെന്ന് വിജിലൻസ് വിഭാഗം അറിയിച്ചിട്ടുണ്ട് ആയത് പൂർത്തിയാകുന്ന മുറയ്ക്ക് നിയമാനുസൃതമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

**2019-20, 2020-21 വർഷങ്ങളിൽ വനമേഖലയിൽ നിർമ്മിച്ച ജണ്ടകളുടെ എണ്ണവും ചെലവഴിച്ച തുകയും വന ഡിവിഷൻ തിരിച്ചുള്ള പട്ടിക**

| **സർക്കിൾ** | **ഡിവിഷൻ** | **2019-20** | | **2020-21** | |
|---|---|---|---|---|---|
| | | എണ്ണം | തുക (ലക്ഷം) | എണ്ണം | തുക (ലക്ഷം) |
| സതേൺ സർക്കിൾ, കൊല്ലം | തിരുവനന്തപുരം | 1341 | 126.08 | 3435 | 304.70 |
| | തെന്മല | 253 | 14.93 | 887 | 59.66 |
| | പുനലൂർ | 545 | 27.21 | 484 | 17.93 |
| | കോന്നി | 115 | 7.42 | 28 | 0 |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | കോട്ടയം | 538 | 47.81 | 450 | 45.18 |
| | കോതമംഗലം | 216 | 17.45 | 107 | 9.39 |
| | മൂന്നാർ | 833 | 89.34 | 666 | 100.84 |
| | മറയൂർ | 75 | 8.62 | 283 | 32.25 |
| | മാങ്കുളം | 189 | 19.25 | 159 | 17.03 |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 2019-20 ന് മുമ്പ് തന്നെ വനാതിർത്തി ജണ്ടകൾ വേർതിരിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. | | | | |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | നിലമ്പൂർ നോർത്ത് | 324 | 23.92 | 612 | 16.46 |
| | നിലമ്പൂർ സൗത്ത് | 0 | 0 | 27 | 1.52 |
| | മണ്ണാർക്കാട് | 1570 | 114.81 | 2500 | 156.70 |
| | പാലക്കാട് | 1883 | 162.95 | 2737 | 240.91 |
| | നെന്മാറ | 1400 | 86.71 | 2010 | 106.91 |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | കോഴിക്കോട് | 959 | 29.96 | 614 | 45.06 |
| | നോർത്ത് വയനാട് | 226 | 16.84 | 361 | 31.96 |
| | സൗത്ത് വയനാട് | 381 | 29.60 | 372 | 25.04 |
| | കാസർഗോഡ് | 0 | 0 | 0 | 0 |
| | കണ്ണൂർ | 2019-20 ന് മുമ്പ് തന്നെ വനാതിർത്തി ജണ്ടകൾ വേർതിരിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. | | | |
| വൈൽഡ്ലൈഫ് പാലക്കാട് | | | | | |
| | സൈലന്റ്വാലി | 102 | 8.13 | 149 | 12.54 |
| | പീച്ചി | 9 | 0.61 | 87 | 6.87 |
| | വയനാട് | 486 | 41.79 | 291 | 23.81 |
| | | 0 | 0 | 0 | 0 |
| വൈൽഡ്ലൈഫ് കോട്ടയം | പെരിയാർ ഈസ്റ്റ് | 96 | 7.93 | 0 | 0 |
| | വൈൽഡ്ലൈഫ് മൂന്നാർ | 238 | 12.03 | 682 | 53.47 |
| എ.ബി.പി തിരുവനന്തപുരം | തിരുവനന്തപുരം | 0 | 0 | 0 | 0 |
| | ശെന്തുരുണി | 0 | 0 | 0 | 0 |
| **ആകെ** | | **11779** | **893.39** | **16941** | **1308.23** |